**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പുതിയതായി ആരംഭിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെ സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് പ്രവർത്തിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവന്തപുരത്ത് പുതിയതായി ആരംഭിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെ സംസ്ഥാനത്ത് 11 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 4 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. |
| (ബി) | സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സമൂഹത്തിൽ മികച്ച അവസരങ്ങൾ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനും ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വ്യക്തമാക്കാമോ; | (ബി) | സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വളരെ സുസ്ത്യർഹമായ സേവനമാണ് ചെയ്തു വരുന്നത്. പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സമൂഹത്തിൽ മികച്ച അവസരങ്ങൾ നേടുന്നതിന് വേണ്ടി നൈപുണ്യ വികസനം, സംരംഭകത്വ വികസനം, നവീകരണ കാർഷിക സംരംഭങ്ങൾ നടപ്പിലാക്കാനുള്ള പ്രോജക്ടുകൾ നവീന മേഖലകളിൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി വരുന്നു. അധ്യാപകർ ക്വാർട്ടേർസുകളിൽ താമസിച്ചു പഠിപ്പിക്കുന്നതിനാൽ കുട്ടികളുടെ പഠനകാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിന് സാധിക്കുന്നു. അതു കൂടാതെ രാത്രികാല പഠനങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിനായി 50 കുട്ടികൾക്ക് ഒരാൾ എന്ന അനുപാതത്തിൽ റസിഡന്റ് ട്യൂട്ടർമാരെ ഓരോ വർഷവും കരാറടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് നിശ്ചിത ഇടവേളകളിൽ മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകി വരുന്നുണ്ട്. 8, 9, പ്ലസ് 1 ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി എസ് പി സി പദ്ധതി നടപ്പിലാക്കി പാഠ്യേതര പ്രവർത്തനം മെച്ചപ്പെടുത്തി വരുന്നു. മാനസിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ, കൗൺസിലർ എന്നിവരെയും ഇംഗ്ലീഷ് പഠനത്തിനായി പ്രത്യേകമായി |

ആവശ്യാനുസരണം സ്പോക്കൺ ഇംഗ്ലീഷ് ടീച്ചറെയും നിയമിച്ചു വരുന്നു. വർഷം തോറും നടക്കുന്ന കലാ - കായിക ഇനങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക പരിശീവനവും നൽകി വരുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠനം പൂർത്തിയാക്കിയ കുട്ടികൾ എം ബി ബി എസ്, എൻജിനിയറിങ്, നഴ്സിംഗ്, അഡ്വക്കേറ്റ്, സിവിൽ സർവ്വീസ് പാസ്സായി കേന്ദ്ര തലത്തിലും, ആരോഗ്യ വിഭാഗത്തിൽ ഡോക്ടറായും, പോലീസ്, ഫോറസ്റ്റ് പോസ്റ്റൽ വകുപ്പുകളിലും, നാഷണലിസ്റ്റ് ബാങ്കുകളിലും, കര, നാവിക സേനകളിലും, കമ്പൂട്ടർ സോഫ്റ്റ് വെയർ എൻജിനിയറിംഗ് വിഭാഗത്തിലും തുടങ്ങി വിദേശങ്ങളിലും നല്ല രീതിയിൽ ജോലി ചെയ്തു വരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 2003 ൽ തിരുവനന്തപുരം വെള്ളായണിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കായിക രംഗത്ത് മികവ് തെളിയിച്ച കായിക പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അതുവഴി കായികരംഗത്ത് നമ്മുടെ സംസ്ഥാനത്തിനും രാജ്യത്തിനും അഭിമാനമാകുന്ന രീതിയിൽ പരിശീലനം കൊടുക്കുവാൻ വേണ്ടി ശ്രീ അയ്യൻകാളി മെമ്മോറിയൽ ഗവ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ട് . കഴിഞ്ഞ 22 വർഷമായി ഈ സ്ഥാപനത്തിൽ നിന്നും ദേശീയതലത്തിലും, സംസ്ഥാന തലത്തിലും മികവുള്ള പ്രതിഭകളെ പരിശീലിപ്പിച്ചെടുക്കുവാൻ കഴിഞ്ഞു. കലാകായികമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർഗോത്സവം, കളിക്കളം എന്നീ പരിപാടികളും നടപ്പിലാക്കി വരുന്നു...

(സി) 2016-2021 , 2021-2025 കാലയളവുകളിൽ ഈ സ്കൂളുകൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വിദ്യാർത്ഥികൾക്ക് ഈ പദ്ധതി മൂലം പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(സി) 2016-2021, 2021-2025 കാലയളവുകളിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി അനുവദിച്ച തുകയുടെയും വിദ്യാർത്ഥികളുടേയും എണ്ണവും ചുവടെ ചേർക്കുന്നു.

| **വർഷം** | **കുട്ടികളുടെ എണ്ണം** | **ചെലവ്** |
|---|---|---|
| 2016-17 | 2053 | 14,34,71,000 |
| 2017-18 | 2248 | 14,44,93,000 |
| 2018-19 | 2230 | 13,57,00,000 |
| 2019-20 | 2047 | 13,38,00,000 |
| 2020-21 | 1961 | 10,69,00,000 |
| 2021-22 | 2078 | 9,65,81,983 |
| 2022-23 | 2074 | 13,99,37,253 |
| 2023-24 | 2102 | 12,94,35,892 |
| 2024-25 | 2047 | 14,93,25,043 |

| | | | |
|---|---|---|---|
| | | | പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായ് 2016-2021 കാലയളവിൽ 242,23,89,700/- രൂപയും 2021-2025 കാലയളവിൽ 418,43.40,000/- രൂപയും അനുവദിച്ചിട്ടുണ്ട്. അപ്രകാരം 2016-2021 കാലയളവിൽ 10,800 വിദ്യാർത്ഥികൾക്കും 2021-2025 കാലയളവിൽ 16300 വിദ്യാർത്ഥികൾക്കും ഈ പദ്ധതി മൂലം പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ